**മധുരമായ കുട്ടികളെ– ജ്ഞാനത്തിന്റെ ഗുഹ്യമായ കാര്യങ്ങൾ തെളിയിക്കുന്നതിനു വേണ്ടി വിശാല ബുദ്ധിയുള്ളവരായി വളരെ യുക്തിയോടെ മനസ്സിലാക്കി കൊടുക്കണം, പറയാറുണ്ട്– പാമ്പ് ചാവുകയും വേണം, വടി ഒടിയാനും പാടില്ല.**

**ചോദ്യം–** നിലവിളിയുടെ സമയത്ത് വിജയിക്കുന്നതിന് ഏതൊരു മുഖ്യമായ ഗുണം തീർച്ചയായും ഉണ്ടായിരിക്കണം?
**ഉത്തരം–** ധൈര്യതയുടെ. വിനാശ സമയത്ത് തന്നെയാണ് നിങ്ങളുടെ പ്രത്യക്ഷതയുണ്ടാകുന്നത്. ശക്തിശാലിയായിട്ടുള്ളവരേ പാസാവുകയുള്ളൂ, ഭയക്കുന്നവർ തോറ്റു പോകും. അന്തിമത്തിൽ നിങ്ങൾ കുട്ടികളുടെ പ്രഭാവം ഉണ്ടാകും അപ്പോൾ പറയും– പ്രഭൂ, നിന്റെ ലീല അപാരമാണ്....സർവ്വരും അറിയും ഗുപ്ത വേഷത്തിൽ പ്രഭു വന്നിരിക്കുന്നുവെന്ന്.

**ചോദ്യം–** ഏറ്റവും വലിയ സൗഭാഗ്യം ഏതാണ്?
**ഉത്തരം–** സ്വർഗ്ഗത്തിൽ വരുക എന്നതും ഏറ്റവും വലിയ സൗഭാഗ്യമാണ്. സ്വർഗ്ഗത്തിലെ സുഖം നിങ്ങൾ കുട്ടികൾ തന്നെയാണ് കാണുന്നത്. അവിടെ ആദി–മദ്ധ്യ–അന്ത്യം ദുഃഖം ഉണ്ടായിരിക്കില്ല. ഈ കാര്യങ്ങൾ മനുഷ്യരുടെ ബുദ്ധിയിലിരിക്കാൻ പ്രയാസമാണ്.

**ഗീതം–** പുതിയ തലമുറയുടെ പൂമൊട്ടുകൾ....

**ഓം ശാന്തി**. ഭഗവാനുവാചാ. നേരത്തെ ശ്രീകൃഷ്ണ ഭഗവാനുവാചാ എന്ന് പറഞ്ഞിരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നിശ്ചയമുണ്ട് ശ്രീകൃഷ്ണ ഭഗവാനുവാചാ അല്ല എന്ന്. ശ്രീകൃഷ്ണൻ ത്രികാലദർശി അർത്ഥം സ്വദർശനചക്രധാരിയല്ല. ഇത് ഭക്തർ കേൾക്കുകയാണെങ്കിൽ പിണങ്ങും. പറയും– നിങ്ങൾ ഇവരുടെ പ്രാധാന്യം എന്തിന് കുറയ്ക്കുന്നുവെന്ന്. ഇവർക്ക് നിശ്ചയം കൃഷ്ണനിലാണ്, സ്വദർശനചക്രം സദാ വിഷ്ണുവിന് അല്ലെങ്കിൽ കൃഷ്ണനാണ് കാണിക്കുന്നത്. സ്വദർശന ചക്രത്തിന്റെ അർത്ഥം പോലും ആർക്കും അറിയില്ല. കേവലം ഹിംസയ്ക്ക് വേണ്ടി ചക്രം കാണിക്കുന്നു. അതിനെ ഹിംസകമായ ആയുധമാക്കി. വാസ്തവത്തിൽ അവരുടെയടുത്ത് ഹിംസകമായ ചക്രവുമില്ല, അഹിംസക ചക്രവുമില്ല. രാധ–കൃഷ്ണൻ അഥവാ വിഷ്ണുവിന്റെയടുത്ത് ജ്ഞാനവുമില്ല. ഏത് ജ്ഞാനം? ഈ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം. അത് കേവലം നിങ്ങളുടെയടുത്തേയുള്ളൂ. ഇത് വളരെ ഗുഹ്യമായ കാര്യങ്ങളാണ്. ഈ കാര്യങ്ങളെല്ലാം യുക്തിയോടെ എങ്ങനെ മനസ്സിലാക്കി കൊടുക്കാം, അവർ മനസ്സിലാക്കുകയും വേണം, സ്നേഹവും നിലനില്ക്കണം. യുക്തി പൂർവ്വം പറഞ്ഞു കൊടുത്തില്ലെങ്കിൽ പിണങ്ങും. പറയും – നിങ്ങൾ ദേവീദേവതമാരുടെ നിന്ദ ചെയ്യുന്നുവെന്ന്, കാരണം നിങ്ങൾ ബ്രാഹ്മണരൊഴികെ അവരെല്ലാം ഒരുപോലെയാണ്. നിങ്ങൾ എത്ര ചെറിയ ചെറിയ പെൺകുട്ടികളാണ്. ബാബ പറയുന്നു കൊച്ചു കൊച്ചു പെൺകുട്ടികൾ പ്രദർശനിയിൽ പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നതിന് സമർത്ഥരാകണം. ജ്ഞാനമുള്ളവർ സ്വയം സന്നദ്ധരാകുന്നു– പ്രദർശിനി മനസ്സിലാക്കി കൊടുക്കാം എന്നു പറയുന്നു. ബ്രാഹ്മണിമാർക്ക് വളരെ വിശാലബുദ്ധിയുണ്ടായിരിക്കണം. പ്രദർശിനിയിൽ മനസ്സിലാക്കി കൊടുക്കാൻ സേവനയുക്തരായവരെ അയയ്ക്കണം. കേവലം കാണാൻ മാത്രം താല്പര്യമുള്ളവരാകരുത്. ആദ്യമാദ്യം ഈ നിശ്ചയം ഉണ്ടായിരിക്കണം– ഗീതയുടെ ഭഗവാൻ നിരാകാരനായ പരമപിതാ പരമാത്മാ ശിവനാണ്, ശ്രീകൃഷ്ണനെ ഭഗവാൻ എന്നു പറയില്ല, അതിനാൽ ഗീതയും തെറ്റാണ്. ഇത് പുതിയ ലോകത്തേക്കുള്ള പുതിയ കാര്യമാണ്. ലോകത്തിൽ സർവ്വരും പറയുന്നു– കൃഷ്ണൻ ഗീത ഉച്ചരിച്ചുവെന്ന്. ഇവിടെ മനസ്സിലാക്കി തരുന്നു കൃഷ്ണന് ഗീത ഉച്ചരിക്കാൻ സാധിക്കില്ല എന്ന്. മയിൽപീലി ചൂടിയ, ഡബിൾ കിരീടധാരി അഥവാ സിംഗിൾ കിരീടധാരി സൂര്യവംശി, ചന്ദ്രവംശി അഥവാ വൈശ്യവംശി, ആർക്കും ഗീതാജ്ഞാനം അറിയില്ല. ഈ അറിവ് ഭഗവാൻ തന്നെ കേൾപ്പിച്ചാണ് ഭാരതത്തെ സ്വർഗ്ഗമാക്കിയത്. അപ്പോൾ ലോകത്തിൽ സത്യമായ ഗീതാ ജ്ഞാനം എവിടെ നിന്ന് വന്നു? ഇവയെല്ലാം ഭക്തിയുടെ ലൈനിൽ വരുന്നു. വേദ ശാസ്ത്രങ്ങളെല്ലാം പഠിച്ച് പഠിച്ച് എന്ത് സംഭവിച്ചു? അധഃപതിച്ചു വന്നു, കലകൾ കുറഞ്ഞ് കുറഞ്ഞ് വന്നു. എത്ര തന്നെ അഗാധമായ തപസ്സ് ചെയ്താലും തലയറുത്ത് വച്ചാലും യാതൊരു നേട്ടവുമില്ല. ഓരോ മനുഷ്യരും തീർച്ചയായും തമോപ്രധാനമാകുക തന്നെ വേണം. അതിലും പ്രത്യേകിച്ച് ഭാരതവാസി ദേവീദേവതാ ധർമ്മത്തിലുള്ളവർ തന്നെയാണ് ഏറ്റവും അധഃപതിച്ചത്. ആദ്യം ഏറ്റവും സതോപ്രധാനമായിരുന്നു, ഇപ്പോൾ തമോപ്രധാനമായി. ഏറ്റവും ഉയർന്ന സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നവർ ഇപ്പോൾ നരകത്തിന്റെ അധികാരിയായി മാറി. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കണം– ശരീരം പഴയ ചെരിപ്പാണ്, ഇതിലൂടെ

യാണ് നമ്മൾ പഠിച്ചു കൊണ്ടിരിക്കുന്നത്. ദേവീദേവതമാരുടേത് ഏറ്റവും പഴയ ചെരിപ്പായി. ഭാരതം ശിവാലയമായിരുന്നു, ദേവതമാരുടെ രാജ്യമായിരുന്നു. രത്നങ്ങളുടെയും വജ്രങ്ങളുടെയും കൊട്ടാരമായിരുന്നു. ഇപ്പോൾ വേശ്യാലയത്തിൽ അസുര വികാരികളുടെ രാജ്യമാണ്. ഡ്രാമയനുസരിച്ച് വീണ്ടും വേശ്യാലയത്തിൽ നിന്നും ശിവാലയമാകുക തന്നെ വേണം. ബാബ മനസ്സിലാക്കി തരുന്നു, ഏറ്റവും കൂടുതൽ അധഃപതിച്ചത് ഭാരതവാസികൾ തന്നെയാണ്. അരകല്പം നിങ്ങൾ തന്നെ വികാരികളായിരുന്നു. അജാമിലനെ പോലെ പാപി ആത്മാക്കളും ഭാരതത്തിൽ തന്നെയായിരുന്നു. ഏറ്റവും വലിയ പാപമാണ് വികാരത്തിൽ പോകുക എന്നത്. സമ്പൂർണ്ണ നിർവ്വികാരികളായിരുന്ന ദേവതമാർ ഇപ്പോൾ വികാരികളായി. പാവനമായിരുന്നവർ പതിതമായി. ഏറ്റവും ഉയർന്നവരായിരുന്നവർ തന്നെ ഏറ്റവും അധഃപതിച്ചു. ബാബ പറയുന്നു സമ്പൂർണ്ണ തമോപ്രധാനമായി തീരുമ്പോൾ അവരെ ഞാൻ വന്ന് സമ്പൂർണ്ണ സതോപ്രധാനമാക്കുന്നു. ഇപ്പോൾ ആരെയും സമ്പൂർണ്ണ നിർവ്വികാരിയെന്നു പറയാൻ സാധിക്കില്ല, വളരെ വ്യത്യാസമുണ്ട്. ഈ ജന്മം നല്ലതാണെങ്കിലും. മുൻ ജന്മം അജാമിലനെ പോലെ പാപിയുടെ ജന്മമാകാം. ബാബ പറയുന്നു– ഞാൻ പതിത ലോകത്തിൽ, 84 ജന്മമെടുത്ത പതിത ശരീരത്തിൽ പ്രവേശിക്കുന്നു. ഈ സമയത്ത് നല്ല കുടുംബത്തിലാണ് ജന്മമെടുത്തിരിക്കുന്നത്, എന്തുകൊണ്ടെന്നാൽ വീണ്ടും ബാബയുടെ രഥം ആകുക തന്നെ വേണം. ഡ്രാമയും നിയമമനുസരിച്ച് ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്, അതിനാലാണ് ബാബ സാധാരണ രഥത്തെ തിരഞ്ഞെടുത്തത്. ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. നിങ്ങൾ കുട്ടികൾക്ക് സേവനത്തിൽ വളരെ താല്പര്യം ഉണ്ടായിരിക്കണം, ബാബയ്ക്ക് നോക്കൂ എത്ര താല്പര്യമുണ്ട്. ബാബ പതിത പാവനനാണ്, സർവ്വരുടെയും അവിനാശി സർജനാണ്. നിങ്ങൾക്ക് എത്ര നല്ല മരുന്നാണ് നല്കുന്നത്. പറയുന്നു– എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ ഒരിക്കലും രോഗിയാകില്ല. നിങ്ങൾക്ക് വേറെ മരുന്നൊന്നും കഴിക്കേണ്ടി വരില്ല. ഇത് ശ്രീമത്താണ് അല്ലാതെ ഗുരുവിന്റെ മന്ത്രമൊന്നുമല്ല. ബാബ പറയുന്നു– എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം ഭസ്മമാകും. പിന്നെ മായയുടെ വിഘ്നം വരില്ല. നിങ്ങൾ മഹാവീരർ എന്ന് അറിയപ്പെടും. സ്ക്കൂളിൽ റിസൾട്ട് അവസാനമാണ് വരുന്നത്. ഇവിടെയും അവസാനം അറിയാൻ സാധിക്കും. വിനാശം ആരംഭിക്കുമ്പോൾ നിങ്ങളുടെ പ്രത്യക്ഷതയുണ്ടാകും. നിങ്ങൾ എത്ര നിർഭയരായി എന്ന് ബാബ നോക്കും. ബാബയും നിർഭയനല്ലേ. എത്ര തന്നെ നിലവിളിയുണ്ടായാലും, ധൈര്യത്തോടെ മനസ്സിലാക്കി കൊടുക്കണം– നമുക്ക് തിരികെ പോകുക തന്നെ വേണം, വരൂ നമ്മുടെ ലക്ഷ്യം മൗണ്ട് ആബുവാണ്.....ബാബയുടെയടുത്തേക്ക് പോകാം. ഭയപ്പെടരുത്, ഭയന്നാൽ പരാജയപ്പെടും. അത്രയും ശക്തിശാലിയാകണം. ആദ്യം വരുന്ന ആപത്ത് ക്ഷാമമായിരിക്കും. പുറമേ നിന്ന് ധാന്യങ്ങളൊന്നും വരില്ല, യുദ്ധം ആരംഭിക്കും. ആ സമയത്ത് എത്ര നിർഭയരായിരിക്കണം. യുദ്ധത്തിൽ എത്ര മല്ലയുദ്ധക്കാരുണ്ടായിരിക്കും, പറയുന്നു മരിക്കണം കൊല്ലണം. പ്രാണനെ പോലും ഭയമില്ല. ശരീരം വിട്ടാൽ മറ്റൊന്ന് എടുക്കും എന്ന ജ്ഞാനം അവർക്കില്ല. അവർക്ക് സേവനമാണ് ചെയ്യേണ്ടത്. അവർ പറയാൻ പഠിപ്പിക്കുന്നു– ഗുരുനാനക്ക് വിജയിക്കട്ടെ....ഹനുമാൻ വിജയിക്കട്ടെ... നിങ്ങൾക്കുള്ള ശിക്ഷണമാണ് ശിവബാബയെ ഓർമ്മിക്കൂ. തിരികെ പോകണം, പിന്നെ സ്വർഗ്ഗത്തിൽ വരണം. ഇപ്പോൾ സൂര്യവംശി, ചന്ദ്രവംശി രണ്ട് രാജ്യവും സ്ഥാപിതമായി കൊണ്ടിരിക്കുന്നു. ഈ ജ്ഞാനം സർവ്വർക്കും ലഭിക്കും. പ്രജകളാകേണ്ടവർ കുറച്ചേ മനസ്സിലാക്കുകയുള്ളൂ. അന്തിമത്തിൽ നിങ്ങളുടെ വളരെ പ്രഭാവമുണ്ടാകും, അപ്പോൾ പറയും പ്രഭൂ, നിന്റെ ലീല വളരെ അപാരമാണ്. പ്രഭു ഗുപ്ത വേഷത്തിൽ വന്നിരിക്കുന്നുവെന്ന് മനസ്സിലാക്കും. ചിലർ പറയും ആത്മാവിന്റെയും പരമാത്മാവിന്റെയും സാക്ഷാത്ക്കാരം ഉണ്ടാകണം എന്ന്, എന്നാൽ അതിലൂടെ യാതൊരു നേട്ടവുമില്ല. കേവലം പ്രകാശം കണ്ടുവെന്നിരിക്കട്ടെ, അതെന്താണെന്ന് ഒരിക്കലും മനസ്സിലാക്കാൻ സാധിക്കില്ല. ആരുടെ ആത്മാവാണ് അഥവാ പരമാത്മാവാണ്? ദേവതമാരുടെ സാക്ഷാത്ക്കാരത്തിലാണെങ്കിൽ പിന്നെ അൽപം ഷോ ഉണ്ട്, സന്തോഷവും ഉണ്ട്. ഇവിടെ പരമാത്മാവിന്റെ രൂപമെന്താണെന്ന് പോലും മനസ്സിലാക്കുന്നില്ല, അന്തിമ സമയം അടുക്കുന്തോറും ബാബ ബുദ്ധിയുടെ പൂട്ട് തുറക്കും. സ്വർഗ്ഗത്തിൽ വരുക എന്നതും സൗഭാഗ്യമാണ്. സ്വർഗ്ഗത്തിന്റെ സുഖം മറ്റാർക്കും കാണാൻ സാധിക്കില്ല. സ്വർഗ്ഗത്തിൽ രാജാവും പ്രജകളും വസിക്കുന്നു. ഇപ്പോൾ ന്യൂ ദില്ലി എന്ന പേര് വച്ചിട്ടുണ്ട്. എന്നാൽ പുതിയ ഭാരതം എപ്പോഴായിരുന്നു? ഇത് പഴയ ഭാരതമാണ്. പത്രത്തിലൂടെയും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും.

നിങ്ങൾ പുതിയ ദില്ലി, പുതിയ ഭാരതം എന്നു പറയുന്നു എന്നാൽ നവ ഭാരതം, പുതിയ ദില്ലി പുതിയ ലോകത്തിലായിരിക്കും. അത് സ്വർഗ്ഗമായിരിക്കും, അതെങ്ങനെ സ്ഥാപിക്കും. ഇവിടെ അനേക ധർമ്മങ്ങളുണ്ട്. .അവിടെ ഒരേയൊരു ധർമ്മമേയുള്ളൂ. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. നമ്മളെല്ലാവരും മൂലവതനത്തിൽ നിന്നാണ് വന്നത്. നമ്മൾ ആത്മാക്കൾ ജ്യോതിർ ബിന്ദുവാണ്, ആകാശത്തിൽ നക്ഷത്രമുണ്ട്, താഴെ വീഴുന്നില്ല, അതേപോലെ നമ്മൾ ആത്മാക്കൾ ബ്രഹ്മാണ്ഡത്തിൽ നിവസിക്കുന്നു. കുട്ടികൾക്കിപ്പോൾ മനസ്സിലായി നിർവ്വാണധാമിൽ ആത്മാവിന് സംസാരിക്കാൻ സാധിക്കില്ല കാരണം ശരീരമില്ല.

നിങ്ങൾക്ക് പറയാൻ സാധിക്കും നമ്മൾ ആത്മാക്കൾ പരംധാമിൽ നിവസിക്കുന്നവരാണ്, ഇത് പുതിയ കാര്യമാണ്. ശാസ്ത്രങ്ങളിൽ എഴുതിയിട്ടുണ്ട്– ആത്മാവ് നീർകുമിളകൾക്ക് സമാനമാണെന്ന്. സാഗരത്തിൽ ലയിച്ചു ചേരുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം പതിത പാവനനായ ബാബ സർവ്വരെയും കൊണ്ടു പോകാനാണ് വന്നിരിക്കുന്നതെന്ന്. 5000 വർഷങ്ങൾക്ക് ശേഷമാണ് ഭാരതം സ്വർഗ്ഗമാകുന്നത്. ഈ ജ്ഞാനം ആരുടെയും ബുദ്ധിയിലില്ല. ബാബ തന്നെ വന്നാണ് മനസ്സിലാക്കി തരുന്നത്– നമ്മൾ തന്നെ രാജ്യം നേടുന്നു, നമ്മൾ തന്നെ നഷ്ടപ്പെടുത്തുന്നു. ഇതിന് അന്ത്യമില്ല. ഡ്രാമയിൽ നിന്നും ആർക്കും വിട്ടു നില്ക്കാൻ സാധിക്കില്ല. എത്ര സഹജമായ കാര്യങ്ങളാണ് എന്നാൽ ആരുടെയും ബുദ്ധിയിൽ നിലനില്ക്കുന്നില്ല. ഇപ്പോൾ ആത്മാവിൽ തന്റെ 84 ജന്മങ്ങളുടെ ചക്രത്തെ മനസ്സിലാക്കാൻ സാധിച്ചു, അതിലൂടെ ചക്രവർത്തി മഹാരാജാവും, മഹാറാണിയുമായി തീരുന്നു. ഇതെല്ലാം നശിക്കേണ്ടതാണ്. വിനാശം തൊട്ടു മുന്നിലാണ്, പിന്നെന്തിന് കൂടുതൽ ധനം സമ്പാദിക്കുന്നതിന്റെ ലോഭം വയ്ക്കണം. സേവനയുക്തരായ കുട്ടികളാണെങ്കിൽ അവരുടെ പാലന യജ്ഞത്തിലൂടെ നടക്കും. സേവനം ചെയ്യുന്നില്ലായെങ്കിൽ ഉയർന്ന പദവി ലഭിക്കില്ല. ബാബയോട് ചോദിക്കാം– ഉയർന്ന പദവി ലഭിക്കുന്നതിന് യോഗ്യതയുള്ള സേവനമാണോ ഞാൻ ചെയ്യുന്നത്? ബാബ പറയുന്നു– ഇങ്ങനെയാണെങ്കിൽ പ്രജകളിലേക്ക് പോകും. ഇവിടെ തന്നെ അറിയാൻ സാധിക്കും. ചെറിയ ചെറിയ കുട്ടികളെയും സമർത്ഥരാക്കണം–പഠിപ്പിച്ച് പ്രദർശനിയിൽ സേവനം ചെയ്ത് പ്രത്യക്ഷത കൊണ്ടുവരണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ബാബയ്ക്ക് സമാനം നിർഭയരാകണം. ധൈര്യത്തോടെ പ്രവർത്തിക്കണം, ഭയക്കരുത്.

2) വിനാശം തൊട്ടു മുന്നിലുണ്ട് അതിനാൽ കൂടുതൽ ധനം സമ്പാദിക്കുന്നതിന്റെ ലോഭം വെയ്ക്കരുത്. ഉയർന്ന പദവിക്ക് വേണ്ടി ഈശ്വരീയ സേവനം ചെയ്ത് സമ്പാദ്യം ഉണ്ടാക്കണം.

## വരദാനം:– സർവ്വ ഖജനാവുകളും സ്വരൂപിച്ച് ആത്മീയ ലഹരിയിൽ ഇരിക്കുന്നവരായ ചിന്തയില്ലാത്ത ചക്രവർത്തിയായി ഭവിക്കട്ടെ.

ബാപ്ദാദയിലൂടെ സർവ്വ മക്കൾക്കും അളവറ്റ ഖജനാവ് ലഭിച്ചിട്ടുണ്ട്. ആര് തന്റെ കൈവശം എത്ര ഖജനാവുകൾ സമാഹരിച്ചിട്ടുണ്ടോ അത്രയും അവരുടെ പെരുമാറ്റത്തിലും മുഖത്തും ആ ലഹരി കാണപ്പെടും, സമ്പാദിക്കാനുള്ള ആത്മീയ ലഹരിയുടെ അനുഭവമുണ്ടാകും. ആർക്ക് എത്ര ആത്മീയ ലഹരി ഉണ്ടോ അത്രയും തന്നെ അവരുടെ ഓരോ കർമ്മത്തിലും ചിന്തയില്ലാത്ത ചക്രവർത്തിയുടെ തിളക്കം കാണപ്പെടും, എന്തുകൊണ്ടെന്നാൽ എവിടെ ലഹരിയുണ്ടോ അവിടെ ചിന്തയ്ക്ക് ഇരിക്കാൻ സാധിക്കില്ല. ആരാണോ അങ്ങനെയുള്ള ചിന്തയില്ലാത്ത ചക്രവർത്തി, അവർ സദാ പ്രസന്നചിത്തരായിരിക്കും.

## സ്ലോഗൻ:– ജ്ഞാനം പ്രയോഗത്തിൽ കൊണ്ടുവരുന്ന ആത്മാവ് അവരാണ് ആർക്കാണോ ജ്ഞാന നൃത്തത്തോടൊപ്പം സംസ്കാരച്ചേർച്ചയുടെ ഡാൻസ് അറിയുന്നത്.